13
നവംബർ 2020
വെള്ളി
1196 തുലാം 28 1442 റ. അവ്വൽ 27

കാരവൽ

THE FIRST DAILY IN KERALA WITH TWO LANGUAGE EDITIONS ESTABLISHED-1976

RNI Reg:No:70844/99 ■ KARAVAL DAILY PUBLISHED FROM KASARAGOD ■ കാസർകോട്•പുസ്തകം 27 •ലക്കം 218 •പേജ് 4 •വില: 5 രൂപ

സുഖകരമായ യാത്ര, ശ്രദ്ധേയമായ പരിചരണം
കാസർകോട് – ബാംഗ്ലൂർ (ദിവസവും)
മംഗലാപുരം – കാസർകോട് – എറണാകുളം (ദിവസവും)
ബുക്കിംഗിന് ബന്ധപ്പെടുക
BANGALORE (Shayda Marg.)
Kohinoor
Behind Sagar Talkies,
Ghandhi Nagar,Bangalore
080 2287 7199
KASARAGOD
Kohinoor (Safar) Travels
New Bus Stand. Ph: 04994- 223952,
230840, 227550, 9037314984
നിങ്ങളുടെ ആനന്ദം ഞങ്ങളുടെ സംതൃപ്തി

തെരുവത്ത് പ്രവർത്തിച്ചിരുന്ന വ്യാജ കോവിഡ് പരിശോധനാ കേന്ദ്രം പൂട്ടി സീൽ ചെയ്തു; ഉടമയ്ക്കെതിരെ കേസ്

കാസർകോട്:തളങ്കര, തെരുവത്ത് വാടക വീട് കേന്ദ്രീകരിച്ച് പ്രവർത്തിച്ചിരുന്ന അനധികൃത കോവിഡ് സ്രവ ശേഖരണ ലാബ് പൊലീസും ആരോഗ്യവകുപ്പ് അധികൃതരും ചേർന്ന് അടച്ചു പൂട്ടി സീൽ ചെയ്തു. സംഭവത്തിൽ ലാബിന്റെ ഉടമസ്ഥനായ മൊഗ്രാൽപുത്തൂരിലെ ഡോ.സഫ്വാൻ എന്നയാൾക്കെതിരെ കേസെടുത്തു. പൊലീസ് നടപടിക്കു ശേഷം ഒളിവിൽ പോയ ഇദ്ദേഹത്തിന്റെ മൊബൈൽ ഫോൺ സ്വിച്ച് ഓഫ് ചെയ്തനിലയിലാണെന്ന് പൊലീസ് പറഞ്ഞു.

സ്വകാര്യ ലാബിനെതിരെ ജില്ലാ മെഡിക്കൽ ഓഫീസർക്ക് രേഖാമൂലം പരാതി നൽകിയിരുന്നു. ഇത് ഡി എം ഒ കാസർകോട് ജനറൽ ആശുപത്രിയിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ എ വി ശ്രീജിത്തിനെ അറിയിച്ചു. തുടർന്നാണ് ഹെൽത്ത് ഇൻസ്പെക്ടറും ടൗൺ എസ് ഐ ഷേഖ് അബ്ദുൽ റസാഖിന്റെ നേതൃത്വത്തിലുള്ള പൊലീസ് സംഘവും ഇന്നലെ വൈകിട്ട് തെരുവത്തെ ലാബിൽ പരിശോധനയ്ക്ക് എത്തിയത്. തുടർന്നു കണ്ടെത്തിയ വിവരങ്ങൾ സംബന്ധിച്ച് അധികൃതർ പറയുന്നത് ഇങ്ങിനെ-“ ലാബ് ടെക്നീഷ്യൻസ് ഹോസ്റ്റൽ എന്ന ബോർഡ് കെട്ടിടത്തിന്റെ മതിലിൽ സ്ഥാപിച്ചിട്ടുണ്ട്. പരിശോധനയ്ക്ക് എത്തുമ്പോൾ ലാബ് ടെക്നീഷ്യന്മാരായ നാലു വനിതകളാണ് സ്ഥാപനത്തിൽ ഉണ്ടായിരുന്നത്. ഇവരുടെ യോഗ്യതാ സർട്ടിഫിക്കറ്റുകൾ ആവശ്യപ്പെട്ടപ്പോൾ ഹാജരാക്കാൻ കഴിഞ്ഞില്ല. ഒരു ലാബിന്റെ പ്രവർത്തനത്തിനു ആവശ്യമായ യാതൊരു സജ്ജീകരണങ്ങളും ഉണ്ടായിരുന്നില്ല. ഫ്രിഡ്ജ് ഉണ്ടെങ്കിലും ശരിയായ ശുചിത്വമോ വൃത്തിയോ ഉണ്ടായിരുന്നില്ല. ഇവിടെ സ്രവം ശേഖരിക്കുന്നതു മാത്രമേ ഉള്ളൂവെന്നും പരിശോധന നടത്തി സർട്ടിഫിക്കറ്റ് നൽകുന്നത് കോഴിക്കോട്ടെ ലാബ് ആണെന്നും ജീവനക്കാർ പറഞ്ഞു. ലാബിന്റെ സർട്ടിഫിക്കറ്റുകൾ ആവശ്യപ്പെട്ടപ്പോൾ അതും നൽകാൻ കഴിഞ്ഞില്ല. തുടർന്നാണ് ലാബ് അടച്ചു പൂട്ടി സീൽ ചെയ്ത് പൊലീസ് കാവൽ ഏർപ്പെടുത്തിയത്.”

തെരുവത്തെ ലാബിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ, പൊലീസ് എന്നിവരുടെ നേതൃത്വത്തിൽ നടന്ന പരിശോധന

അതേ സമയം ജില്ലാ ലാബ് ടെക്നീഷ്യൻ, ഫോറൻസിക് വിദഗ്ദ്ധർ, പൊലീസ് എന്നിവരുടെ നേതൃത്വത്തിൽ ഇന്നു രാവിലെ ലാബ് തുറന്ന് പരിശോധന ആരംഭിച്ചു.

പരിശോധിച്ചവർക്കെല്ലാം നെഗറ്റീവ് സർട്ടിഫിക്കറ്റ്

കാസർകോട്: തെക്കിൽ ഫെറി സ്വദേശി യായ ഒരാൾ വിദേശയാത്രയ്ക്കു മുന്നോടിയായി തെരുവത്തെ ലാബിൽ ഈ മാസം മൂന്നിന് ആർ ടി പി സി ആർ ടെസ്റ്റിനു വിധേയമായിരുന്നു. അദ്ദേഹത്തിനു ലഭിച്ച റിസൾട്ടിൽ ഇൻകൺക്ലൂസീവ് റിപ്പോർട്ട് എന്നാണ് രേഖപ്പെടുത്തിയിരുന്നത്.അതിനെകുറിച്ച്ലാബിൽ അന്വേഷിച്ചപ്പോൾ വൈറസ് ഇൻഫക്ഷൻ നടന്നതിന്റെ തുടക്കത്തിലോ അവസാനത്തിലോ ആയിരിക്കാമെന്നും അതിനാൽ 48 മണിക്കൂറിനു ശേഷം വീണ്ടും ടെസ്റ്റിനു വിധേയനാകണമെന്നുമാണ് ലാബിൽ ഉള്ളവർ പറഞ്ഞത്. അതിന്റെ അടിസ്ഥാനത്തിൽ വീണ്ടു പരിശോധനയ്ക്ക് വിധേയനാകാൻ നിർദ്ദേശിച്ചു. രണ്ടാമത്തെ പരിശോധനയിൽ റിപ്പോർട്ട് നെഗറ്റീവ് ആവുകയും ചെയ്തു. രണ്ടു പരിശോധനയ്ക്കും ഫീസ് ഈടാക്കിയിരുന്നു. ഇതോടെയാണ് ഒരു സന്നദ്ധ സംഘടന ജില്ലാ മെഡിക്കൽ ഓഫീസർക്ക് പരാതി നൽകിയത്.

ഗൾഫിലേയ്ക്കു പോകുന്നവരാണ് തെരുവത്തെ ലാബിനെ ആശ്രയിച്ചിരുന്നത്. ഇവിടെ പരിശോധനയ്ക്ക് വിധേയരായവർക്കെല്ലാം നെഗറ്റീവ് റിപ്പോർട്ടാണ് ലഭിച്ചതെന്നും അധികൃതർ പറയുന്നു. അതിനാൽ ദിവസവും നിരവധി പേരാണ് ഇവിടെ പരിശോധനയ്ക്ക് എത്തിയതെന്നു കൂട്ടിച്ചേർത്തു.

വിൽപനാനുമതി ഇല്ല

കേരളത്തിലേക്ക് കടത്തിയ ഒന്നര കോടി രൂപയുടെ സിഗരറ്റ് പിടികൂടി

കാസർകോട്: കേരളത്തിൽ വില്പന നടത്താൻ അനുമതി ഇല്ലാത്ത രണ്ടു ലക്ഷത്തിൽപരം പാക്കറ്റ് സിഗരറ്റു പിടികൂടി. പാലക്കാട് ഭാഗത്തേയ്ക്ക് കൊണ്ടു പോവുകയായിരുന്ന ഒന്നരകോടി രൂപ വിലമതിക്കുന്ന സിഗരറ്റുകളാണ് ജി എസ് ടി ഉദ്യോഗസ്ഥർ പിടികൂടിയത്.

അനുമതി ഇല്ലാത്ത സിഗരറ്റുകൾ വൻ തോതിൽ കേരളത്തിലേയ്ക്ക് കടത്തി കൊണ്ടുവരുന്നതായി നേരത്തെ പരാതി ഉണ്ടായിരുന്നു. ഇതിനിടയിലാണ് ഹരിയാന രജിസ്ട്രേഷനിലുള്ള കണ്ടെനർ ലോറിയിൽ സിഗരറ്റ് കടത്തുന്നതായുള്ള വിവരം ജി എസ് ടി ഉദ്യോഗസ്ഥർക്ക് ലഭിച്ചത്. വാഹനം കണ്ടെത്തി തുറന്നു പരിശോധിച്ചപ്പോഴാണ് സിഗരറ്റ് കണ്ടെത്തിയത്.

ജമ്മുകാശ്മീരിൽ ഉൽപ്പാദിപ്പിക്കുന്ന പ്രസ്തുത സിഗരറ്റുകൾ ജമ്മുകാശ്മീരിലും പഞ്ചാബിലും വിൽപ്പന നടത്താനേ അനുമതിയുള്ളൂ. അത്തരം സിഗരറ്റുകൾ പാക്കറ്റ് മാറ്റിയാണ് കേരളത്തിലേക്ക് കടത്തിയെന്നാണ് പ്രാഥമിക നിഗമനം. അതേസമയം സിഗരറ്റുകൾക്ക് നികുതി അടച്ചിട്ടുള്ളതായാണ് സൂചനസിഗരറ്റും ലോറിയും ഹൊസ്ദുർഗ്ഗ് പൊലീസിനു കൈമാറി.

കാറിൽ കടത്തിയ 15 ലക്ഷം രൂപയുടെ കള്ളപ്പണം പിടിയിൽ

ചെറുവത്തൂർ: കാറിൽ കടത്തുകയായിരുന്ന 15,63,500 രൂപ പിടികൂടി. കടത്തുകാർ തന്ത്രത്തിൽ രക്ഷപ്പെട്ടു. ഇന്നലെ രാത്രി ചെറുവത്തൂർ, മട്ലായിയിലെ സ്റ്റാർ ഹോട്ടലിനു മുന്നിൽ ദേശീയ പാതയിലാണ് കള്ളപ്പണവേട്ട നടന്നത്.

പണം കടത്തിയ കാറിനു പിന്നിൽ മറ്റൊരു കാറിടിച്ചതോടെയാണ് സംഭവം പുറത്തായത്. ഇരു കാറുകളിലും ഉണ്ടായിരുന്നവർ പരസ്പരം സംഘട്ടനത്തിൽ

കടത്തുകാർ മറ്റൊരു കാറിൽ രക്ഷപ്പെട്ടു

ഏർപ്പെട്ട വിവരമറിഞ്ഞ് ചന്തേര പൊലീസ് ഇൻസ്പെക്ടർ പി നാരായണന്റെ നേതൃത്വത്തിലുള്ള പൊലീസ് സംഘം സ്ഥലത്തെത്തി. ഇതിനിടയിൽ സംഘട്ടനത്തിൽ ഏർപ്പെട്ടവർ രക്ഷപ്പെട്ടു. സംഘം ഉപേക്ഷിച്ച് കടന്നു കളഞ്ഞ കാറിനകത്ത് പരിശോധിച്ചപ്പോഴാണ് പണം കണ്ടെത്തിയത്. കാറിന്റെ ഉടമ കണ്ണൂർ സ്വദേശിയാണെന്നു പൊലീസ് പറഞ്ഞു.

കാർ താൻ വാടകയ്ക്കു നൽകിയതാണെന്നാണ് ഉടമ പൊലീസിനെ അറിയിച്ചത്. അന്വേഷണം ആരംഭിച്ചിട്ടുണ്ട്.

പൊലീസ് സംഘത്തിൽ എസ് ഐ മെൽവിൻ ജോസ് പൊലീസുകാരായ കെ രാജേഷ്, സുരേഷ്, പ്രദീപൻ, സനീഷ്, പ്രമോദ് എന്നിവരും ഉണ്ടായി

പള്ളിവളപ്പിലെ ചന്ദനമരമോഷണം; ഒരാൾകൂടി അറസ്റ്റിൽ

കാസർകോട്: മുളിയാർ, ബാവിക്കര ജുമാമസ്ജിദ് വളപ്പിലെ രണ്ടു ലക്ഷത്തോളം രൂപ വില വരുന്ന ചന്ദനമരം മുറിച്ചു കടത്തിയ കേസിൽ ഒരാൾ കൂടി അറസ്റ്റിൽ. മുളിയാർ, ബാവിക്കര, പുതിയവീട്ടിൽ എം കെ ബഷീറി(41)നെയാണ് ഫോറസ്റ്റ് റേഞ്ച് ഓഫീസർ അനിൽകുമാർ നടയിൽ അറസ്റ്റു ചെയ്തത്. കഴിഞ്ഞ മാസം 20ന് ആണ് കേസിനു ആസ്പദമായ സംഭവം. കേസിലെ മറ്റൊരു പ്രതി ബാവിക്കരയിലെ ബി എ മുഹമ്മദ് കുഞ്ഞി (60) യെ നേരത്തെ അറസ്റ്റു ചെയ്തിരുന്നു.

നിർമ്മാണതൊഴിലാളി ഭാര്യാവീട്ടിൽ തൂങ്ങി മരിച്ച നിലയിൽ

കാസർകോട്: നിർമ്മാണ തൊഴിലാളിയായ യുവാവിനെ ഭാര്യാ വിട്ടിലെ കുളിമുറിയിൽ തൂങ്ങി മരിച്ച നിലയിൽ കണ്ടെത്തി.നെല്ലിക്കുന്ന് കുടപ്പുറത്തെ എൻ ജി പ്രേമദാസി (43)നെയാണ് ചൗക്കി കെ കെ പുറത്തെ ഭാര്യാവീട്ടിലെ കുളിമുറിയിൽ തൂങ്ങി മരിച്ച നിലയിൽ കാണപ്പെട്ടത്. ഇന്ന് രാവിലെയാണ് സംഭവം.

ഉളിയത്തടുക്ക ഭഗവതി നഗറിൽ താമസിച്ചിരുന്ന പ്രേമദാസ് രണ്ട് മാസം മുമ്പാണ് ഭാര്യാവീട്ടിൽ താമസമാക്കിയത്.നെല്ലിക്കുന്ന് കടപ്പുറത്തെ ഗോപാലൻ- ഇന്ദിര ദമ്പതികളുടെ മകനാണ്. ഭാര്യ: ദിൽന. മക്കൾ: പ്രജിന, പ്രജിത. സഹോദരങ്ങൾ: പ്രദീപ്, പ്രമോദ്, പ്രവീണ.

ബൈക്കിൽ പിന്തുടർന്ന് എത്തിയ സംഘം കാർ തടഞ്ഞ് അക്രമിച്ചു; യുവാവിന് നേരെ വധഭീഷണി

മഞ്ചേശ്വരം: കാറിനെ പിന്തുടർന്ന് ബൈക്കിലെക്കിയ രണ്ടംഗ സംഘം വധഭീഷണി മുഴക്കുകയും കാർ അക്രമിക്കുകയും ചെയ്തതായി പരാതി.

സുങ്കതകട്ടയിലെ ഹസ്സന്റെ മകൻ സഫ്വാന്റെ (20) പരാതിയിൽ റഹ്മാൻ, സിദ്ദീഖ് എന്നിവർക്കെതിരെ നരഹത്യാശ്രമത്തിന് കേസെടുത്തു. ഇന്നലെ രാവിലെ 8.30 വോടെയാണ് അക്രമം. സഫ്വാനും സുഹൃത്ത് അബ്ദുൾ റഹ്മാനും കാറിൽ സഞ്ചരിക്കവെ, ഗോളിക്കട്ടയിൽ വെച്ച് ബൈക്കിലെത്തിയ പ്രതികൾ കാർ തടഞ്ഞ് നിർത്തുകയും സഫ്വാനും സുഹൃത്തിനും നേരെ വധഭീഷണി മുഴക്കുകയുമായിരുന്നെന്നു പറയുന്നു. ഇതിനിടയിൽ സഫ്വാൻ കാർ മുന്നോട്ടെടുത്ത് ഓടിച്ചു പോയെങ്കിലും ബൈക്കിൽ പിന്തുടർന്ന പ്രതികൾ പൈവളികയിൽ വീണ്ടും കാർ തടഞ്ഞ് ടയർ നശിപ്പിക്കുകയും, കാറിന് നേരെ അക്രമം നടത്തി സഫ്വാനെ വലിച്ചിറക്കി അക്രമിക്കാനും ശ്രമിച്ചുവെന്നാണ് പരാതി.

അക്രമം കണ്ട് നാട്ടുകാർ ഓടി എത്തുന്നതിനിടയിൽ പ്രതികൾ സ്ഥലത്തു നിന്നും രക്ഷപ്പെടുകയായിരുന്നു. ലോക്ക് ഡൗൺ കാലത്ത് പ്രതികളിലൊരാളായ റഹ്മാന്റെ ബൈക്ക് പൊലീസ് കസ്റ്റഡിയിലെടുത്തിരുന്നു. ഈ സമയം സഫ്വാനും സ്ഥലത്തുണ്ടായിരുന്നു. സഫ്വാൻ വിവരമറിയിച്ചതിനെ തുടർന്നാണ് പൊലീസ് ബൈക്ക് കസ്റ്റഡിയിലെടുത്തതെന്ന സംശയമാണ് ഇപ്പോഴത്തെ അക്രമത്തിന് കാരണമെന്ന് പറയുന്നു.

അക്രമത്തിനിരയായ കാർ

ഖാസി കേസ്: സി ബി ഐ റിപ്പോർട്ടിന് എതിരെ കോടതിയിൽ ഹർജി; വാദം 17ന്

കൊച്ചി: സമസ്ത സംസ്ഥാന ഉപാധ്യക്ഷനും ചെമ്പരിക്ക-മംഗ്ളൂരു ഖാസിയുമായിരുന്ന സി എം അബ്ദുള്ള മൗലവിയുടെ മരണത്തെ കുറിച്ചുള്ള അന്വേഷണം അവസാനിപ്പിക്കാൻ സി ബി ഐ കോടതിയുടെ അനുമതി തേടി. ഇതിനെതിരെ കേസിലെ പരാതിക്കാരൻ എറണാകുളം ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതിയിൽ ഹർജി നൽകി. കേസ് ഉന്നതതല സംഘത്തെക്കൊണ്ട് അന്വേഷിപ്പിക്കണമെന്ന ഹർജിയിന്മേൽ വാദം കേൾക്കാൻ കോടതി 17 ലേക്ക് മാറ്റിവെച്ചു. 2010 ഫെബ്രുവരി 15ന് പുലർച്ചെയാണ് ഖാസിയെ ചെമ്പരിക്ക, കടുക്കക്കല്ലിന് സമീപത്ത് കടലിൽ മരിച്ച നിലയിൽ കണ്ടെത്തിയത്. ഈ വിവരം ആദ്യം പൊലീസിനെ അറിയിച്ച ചെമ്പരിക്കയിലെ അബ്ദുൾ മജീദ് ആണ് സി ബി ഐ നിലപാടിനെതിരെ കോടതിയെ സമീപിച്ചത്.ആത്മഹത്യയെന്നാണ് ആദ്യം കേസ് അന്വേഷിച്ച സി ബി ഐ സംഘം കോടതിയിൽ റിപ്പോർട്ട് നൽകിയത്. ഇതിനെതിരെ ഹർജി നൽകുകയും പുനരന്വേഷണത്തിന് കോടതി ഉത്തരവിടുകയും ചെയ്തിരുന്നു. തുടർന്ന് നടത്തിയ അന്വേഷണത്തിൽ മൗലവിയുടെ മരണം അപകട മരണമോ അസ്വാഭാവിക മരണമോ ആകാമെന്നും കൊലപാതകം നടന്നുവെന്നതിന് തെളിവില്ലെന്നുമായിരുന്നു സി ബി ഐ കോടതിയിൽ സമർപ്പിച്ച പുനരന്വേഷണ റിപ്പോർട്ട്. എന്നാൽ ശാസ്ത്രീയമായ അന്വേഷണം ആവശ്യമാണെന്ന് കോടതി നിർദ്ദേശിച്ചു. തുടർന്ന് പുതുച്ചേരി ജവഹർലാൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ പോസ്റ്റ് ഗ്രാജ്യേറ്റ് മെഡിക്കൽ എഡ്യുക്കേഷണൽ ആന്റ് റിസർച്ച് സെന്റർ (ജിപ്മർ)റിലെ മെഡിക്കൽ സംഘം അന്വേഷണം നടത്തി. സംഘം ചെമ്പരിക്കയിലെത്തി ഖാസിയുടെ കുടുംബാംഗങ്ങളെ നേരിൽ കണ്ട് തയ്യാറാക്കിയ മാനസിക അപഗ്രഥന റിപ്പോർട്ട് കോടതിയിൽ സമർപ്പിച്ചിരുന്നു. ഖാസി ആത്മഹത്യ ചെയ്യാൻ സാധ്യമായ സാഹചര്യങ്ങൾ ഇല്ലെന്നായിരുന്നു റിപ്പോർട്ട്.



നടിയെ അക്രമിച്ച കേസ്

ബേക്കൽ സ്വദേശിയായ സാക്ഷിയെ ഭീഷണിപ്പെടുത്തിയത് മുൻമന്ത്രിയുടെ ഓഫീസ് സെക്രട്ടറി; പിന്നിൽ വൻ ഗൂഢാലോചനയെന്ന് സംശയം

ഉദുമ: നടിയെ ആക്രമിച്ച കേസിലെ മാപ്പുസാക്ഷിയെ മൊഴിമാറ്റാൻ ഭീഷണിപ്പെടുത്തിയ സംഭവത്തിൽ മുൻമന്ത്രിയും നിലവിൽ ഇടതു എം എൽ എയുമായ കെ ബി ഗണേഷ്കുമാറിന്റെ ഓഫീസ് സെക്രട്ടറി പ്രദീപ്കുമാറിനെതിരെ ബേക്കൽ പൊലീസ് ഹൊസ്ദുർഗ്ഗ് ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയിൽ റിപ്പോർട്ട് നൽകി.ഇക്കഴിഞ്ഞ ജനുവരി 23ന് ആണ് കേസിലെ പ്രധാന സാക്ഷികളിൽ ഒരാളായ തൃക്കണ്ണാട്, ചിറമ്മലിലെ വിപിൻലാലിനെ ഭീഷണിപ്പെടുത്തിയത്. എന്നാൽ വിപിൻ ലാലിനെ കാണാൻ കഴിയാത്തതിനെ തുടർന്ന് അമ്മാവൻ ജോലി ചെയ്യുന്ന ജ്വല്ലറിയിലെത്തി ഭീഷണിപ്പെടുത്തി. അവിടെ നിന്നും വിപിൻലാലിന്റെ മാതാവിനെ വിളിച്ച്, വിപിന്റെ വക്കീൽ ഗുമസ്തനാണെന്നു പരിചയപ്പെടുത്തുകയും മൊഴി മാറ്റാൻ ആവശ്യപ്പെടുകയുമായിരുന്നുവെന്ന് പൊലീസ് സമർപ്പിച്ച റിപ്പോർട്ടിൽ പറയുന്നു. അതിനു ശേഷം കത്തുകളിലൂടെയും ഭീഷണിയും സമ്മർദ്ദവും തുടർന്നതോടെ ഇക്കഴിഞ്ഞ സെപ്തംബർ 26ന് വിപിൻലാൽ പൊലീസിൽ പരാതി നൽകി.

കേസെടുത്ത പൊലീസ് വിപിന്റെ അമ്മാവൻ ജോലി ചെയ്യുന്ന ജ്വല്ലറിയിലെത്തി സി സി ടി വി ദൃശ്യം പരിശോധിച്ചാണ് ഭീഷണി മുഴക്കിയത് പ്രദീപ് ആണെന്ന് കണ്ടെത്തി. എന്നാൽ ഭീഷണി കത്തുകൾ എഴുതിയത് ആരാണെന്ന് വ്യക്തമായിട്ടില്ല. ഇതേ കുറിച്ച് വിശദമായ അന്വേഷണം ആരംഭിച്ചിട്ടുണ്ട്. അതേസമയം സാക്ഷിയെ ഭീഷണിപ്പെടുത്തിയ സംഭവത്തിൽ വൻ ഗൂഢാലോചന നടന്നതായി സംശയിക്കുന്നതായി പൊലീസ് വൃത്തങ്ങൾ സൂചിപ്പിച്ചു. സിനിമാ-രാഷ്ട്രീയ മേഖലകളിൽ ശക്തമായ അടിവേരുകളുള്ള കെ ബി ഗണേഷ്കുമാറിന്റെ ഓഫീസ് സെക്രട്ടറി സാക്ഷിയെ ഭീഷണിപ്പെടുത്തിയത് ഇത്തരമൊരു സാധ്യതയിലേയ്ക്ക് വിരൽ ചൂണ്ടുന്നതായി കൂട്ടിച്ചേർത്തു. വരും ദിവസങ്ങളിൽ നടിയെ അക്രമിച്ച കേസിലെ പ്രധാന സാക്ഷിയെ ഭീഷണിപ്പെടുത്തിയ സംഭവം രാഷ്ട്രീയ വിവാദങ്ങൾക്ക് തിരികൊളുത്തുമെന്നാണ് സൂചന.

സ്ഥാനാർത്ഥി നിർണ്ണയം; ഇരു മുന്നണികൾക്കും തലവേദന, ബി ജെ പിയിലും തിരക്കിട്ട ചർച്ച

കാസർകോട്:തദ്ദേശ തിരഞ്ഞെടുപ്പിന് നാമനിർദ്ദേശ പത്രികാസമർപ്പണം തുടങ്ങിയിട്ടും പലയിടങ്ങളിലും സ്ഥാനാർത്ഥി നിർണ്ണയം പൂർത്തിയാക്കാൻ കഴിയാതെ ഇടത്-വലതു മുന്നണികൾ. സ്ഥാനാർത്ഥികളെ തീരുമാനിച്ച സ്ഥലങ്ങളിലാകട്ടെ പ്രാദേശിക നേതൃത്വങ്ങളുടെ കടുത്ത എതിർപ്പിനെ തുടർന്ന് സ്ഥാനാർത്ഥി പ്രഖ്യാപനം നടത്താനും കഴിയാത്ത അവസ്ഥയാണ്. ചില സ്ഥലങ്ങളിലാകട്ടെ ഘടക കക്ഷികൾ തമ്മിലുള്ള സീറ്റ് വിഭജനം പോലും പൂർത്തിയായിട്ടില്ല. ഈ പ്രശ്നങ്ങളൊക്കെയും രണ്ട് മുന്നണികളിലും പ്രകടമാണ്.ജില്ലാ പഞ്ചായത്തിലേക്ക് മത്സരിക്കുന്ന കോൺഗ്രസ് സ്ഥാനാർത്ഥികളെ ഇന്നലെ പ്രഖ്യാപിക്കാനായിരുന്നു തീരുമാനിച്ചിരുന്നത്. എന്നാൽ പാർട്ടി മത്സരിക്കുന്ന എട്ടുസീറ്റുകളിൽ ആറെണ്ണത്തിലും തർക്കം തുടരുകയാണ്. ഇന്നു വൈകീട്ടോടെ തർക്കങ്ങൾ പരിഹരിച്ച് നാളെ പ്രഖ്യാപിക്കുമെന്നാണ് കോൺഗ്രസ് നേതൃത്വം അറിയിച്ചിട്ടുള്ളത്.

കോൺഗ്രസ് മത്സരിക്കുന്ന ഡിവിഷനുകളിൽ പുത്തിഗെ, കരിന്തളം ഒഴിച്ച് ബാക്കി ആറിടത്തും നാലിൽ കൂടുതൽ പേരാണ് സ്ഥാനാർത്ഥി പട്ടികയിലുള്ളത്. നിലവിൽ ബദിയടുക്ക പഞ്ചായത്ത് സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാനായ ശ്യാംപ്രസാദ് മാന്യയുടെ പേര് മാത്രമാണ് പുത്തിഗെ ഡിവിഷനിൽ പരിഗണിക്കുന്നത്.

വോർക്കാടി ഡിവിഷനിൽ നിലവിൽ മീഞ്ച പഞ്ചായത്ത് പ്രസിഡന്റായ ഷംസാദ് ഷുക്കൂർ, മമതാ ദിവാകർ, കെ കമലാക്ഷി, കള്ളാറിൽ ഹരീഷ് പി നായർ, വിഘ്നേശ്വരഭട്ട്, പി എൻ ഗംഗാധരൻ, പി വി സുരേഷ്, ബി പി പ്രദീപ് കുമാർ, ചിറ്റാരിക്കാലിൽ സൈമൺ പള്ളത്തുംകുഴി, പി ജി ദേവ്, ജോമോൻ ജോസ്, എ വി ജോസ്, പിലിക്കോട് ഡിവിഷനിൽ കെ കുഞ്ഞമ്പു, കെ അശോകൻ, ഷാജി തൈക്കീൽ, പി പി പ്രകാശൻ, പി പത്മനാഭൻ, ഉദുമയിൽ ധന്യാസുരേഷ്, ഗീതാ കൃഷ്ണൻ എന്നിവരുടെ പേരുകളാണ് പരിഗണിക്കുന്നത്.

അതേ സമയം ജില്ലാ പഞ്ചായത്ത് പിലിക്കോട് ഡിവിഷനെ ചൊല്ലി ഇടതുമുന്നണിയിൽ തർക്കം തുടരുകയാണ്. സി പി എമ്മിന്റെ ശക്തി കേന്ദ്രമായ ഈ ഡിവിഷന് അവകാശവാദവുമായി എൽ ജെ ഡി രംഗത്ത് വന്നതാണ് സീറ്റ് വിഭജനം കീറാമുട്ടിയാക്കിയത്. ഇന്ന് ഇക്കാര്യത്തിൽ അന്തിമ തീരുമാനമുണ്ടാകുമെന്നാണറിയുന്നത്. കഴിഞ്ഞ തവണ ഇവിടെ വിജയിച്ചത് കോൺഗ്രസ് സ്ഥാനാർത്ഥിയാണ്. അട്ടിമറിയിലൂടെയാണ് കോൺഗ്രസിന്റെ വിജയം.

ബ്ലോക്ക് -ഗ്രാമ പഞ്ചായത്തുകളിലെ സ്ഥാനാർത്ഥി നിർണ്ണയവും രണ്ടു മുന്നണികളിലും പൂർത്തിയായിട്ടില്ല. ചില പഞ്ചായത്തുകളിൽ സീറ്റ് വിഭജനവും കീറാമുട്ടിയായി നിൽക്കുന്നു. തൃക്കരിപ്പൂർ, പടന്ന, വലിയപറമ്പ് പഞ്ചായത്തുകളിലാണ് ഘടകകക്ഷികൾ തമ്മിൽ ധാരണയാകാതെ ഇടതുമുന്നണി കുഴങ്ങി നിൽക്കുന്നത്. എന്നാൽ ഇവിടങ്ങളിൽ യു ഡി എഫ് സീറ്റ് വിഭജന ചർച്ച കഴിഞ്ഞ് സ്ഥാനാർത്ഥി നിർണ്ണയത്തിലേക്ക് കടന്നിട്ടുണ്ടെങ്കിലും സ്ഥാനാർത്ഥികളുടെ പ്രഖ്യാപനം കോൺഗ്രസിലും മുസ്ലീംലീഗിലും പൊട്ടിത്തെറിയുണ്ടാക്കാൻ സാധ്യതയുണ്ട്. പലയിടത്തും സ്ഥാനാർത്ഥി പ്രഖ്യാപനത്തിന് മുമ്പേ തന്നെ റിബൽ ഭീഷണിയും ഉയർന്നിട്ടുണ്ട്. ബ്ലോക്ക്-ഗ്രാമ പഞ്ചായത്തുകളിലെ സ്ഥാനാർത്ഥികളെ ചിലയിടങ്ങളിൽ സിപി എം നേതൃത്വം തീരുമാനിച്ചുവെങ്കിലും തർക്കങ്ങൾ രൂക്ഷമായതിനെ തുടർന്ന് ഔദ്യോഗിക പ്രഖ്യാപനം മാറ്റിവെച്ചിരിക്കുകയാണ്. അതേ സമയം ബി ജെ പി സ്ഥാനാർത്ഥി നിർണ്ണയം ഏതാണ്ട് പൂർത്തിയാക്കി. ബ്ലോക്ക് -ഗ്രാമപഞ്ചായത്തുകളിലെ പാർട്ടി സ്ഥാനാർത്ഥികളെ ഉടൻ പ്രഖ്യാപിക്കാനാണ് തീരുമാനം. ഇതോടൊപ്പം ജില്ലാ പഞ്ചായത്ത് സ്ഥാനാർത്ഥികളെയും പ്രഖ്യാപിക്കും. സ്ഥാനാർത്ഥി നിർണ്ണയത്തെ ചൊല്ലി ബി ജെ പിയിലും തർക്കങ്ങൾ ഉടലെടുത്തിട്ടുണ്ട്.

അന്തുക്ക